**പതിമൂന്നാം കേരള നിയമസഭ**

**ഏഴാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത** **14-02-2013-ലെ മറുപടിയ്ക്ക്**

**നിയമസഭാ ചോദ്യം നമ്പർ. 2797**

**പ്ലാന്റേഷൻ ലേബർ ആക്ട് പ്രകാരമുള്ള ആനുകൂല്യങ്ങൾ**

| **ചോദ്യം** | **ഉത്തരം** |
|---|---|
| ഡോ.ടി.എം.തോമസ് ഐസക്:<br>ശ്രീ.സാജുപോൾ:<br>ശ്രീ. സി.കൃഷ്ണൻ:<br>ശ്രീ.വി.ചെന്താമരാക്ഷൻ : | ശ്രീ. ഷിബു ബേബിജോൺ<br>(ബഹു.തൊഴിലും പുനരധിവാസവും വകുപ്പ് മന്ത്രി) |
| (എ) തോട്ടം തൊഴിലാളികളുടെ തൊഴിൽ സാഹചര്യങ്ങളും താമസ സൗകര്യവും മെച്ചപ്പെടുത്തുന്നതിനായി സർക്കാർ എന്തെങ്കിലും നടപടി സ്വീകരിക്കാനുദ്ദേശിക്കുന്നുണ്ടോ; വിശദാംശം ലഭ്യമാക്കാമോ; | (എ) തോട്ടം തൊഴിലാളികളുടെ വേതനം 2012-ലെ പ്ലാന്റേഷൻ ലേബർ കമ്മിറ്റി സെറ്റിൽമെന്റിലൂടെ പരിഷ്കരിച്ചിട്ടുണ്ട്. തൊഴിലാളികളുടെ താമസസൗകര്യം മെച്ചപ്പെടുത്തുന്നതിനായി 2012-2013 വർഷത്തെ ബഡ്ജറ്റിൽ 500 ലക്ഷം രൂപ സർക്കാർ വകയിരുത്തിയിട്ടുണ്ട്. തൊഴിലാളികൾക്ക് സ്വന്തമായി വീട് നിർമ്മിച്ചു നൽകുന്നതിനുള്ള പദ്ധതി നടപ്പാക്കുന്നതിനുള്ള നടപടിയും സ്വീകരിച്ചുവരുന്നു. |
| (ബി) പ്ലാന്റേഷൻ ലേബർ ആക്ട് പ്രകാരം തൊഴിലാളികൾക്ക് ലഭിക്കേണ്ട ആനുകൂല്യങ്ങളെല്ലാം ലഭിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്താൻ കഴിഞ്ഞിട്ടുണ്ടോ; | (ബി) പ്ലാന്റേഷൻ ലേബർ ആക്ട് പ്രകാരം രജിസ്റ്റർ ചെയ്തിട്ടുള്ള തോട്ടങ്ങളിലെ തൊഴിലാളികൾക്ക് ലഭിക്കേണ്ട ആനുകൂല്യങ്ങളെല്ലാം ലഭിക്കുന്നുവെന്ന് പ്ലാന്റേഷൻ ഇൻസ്പെക്ടർമാർ തോട്ടങ്ങളിൽ നടത്തുന്ന പരിശോധനയിലൂടെ ഉറപ്പുവരുത്തുന്നുണ്ട്. |
| (സി) കൂലി, ബോണസ്സ് എന്നിവയിൽ വിവിധ മാനേജ്മെന്റുകൾ കാണിക്കുന്ന വിവേചനം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇവ പരിഹരിക്കുവാനായി എന്തെങ്കിലും നടപടികൾ സ്വീകരിക്കുവാനുദ്ദേശിക്കുന്നു എന്നറിയിക്കുമോ ? | (സി) പ്ലാന്റേഷൻ ലേബർ ആക്ട് പ്രകാരം രജിസ്റ്റർ ചെയ്തിട്ടുള്ള തോട്ടങ്ങളിൽ വേതനം സംബന്ധിച്ച് ഏകീകൃത സ്വഭാവമാണുള്ളത്. ഏതെങ്കിലും മാനേജ്മെന്റുകൾ വിവേചനം കാണിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ബോണസിന്റെ കാര്യത്തിൽ അതാത് സ്ഥാപനങ്ങളുടെ ലാഭനഷ്ട കണക്ക് നോക്കിയാണ് തീരുമാനമെടുക്കുന്നത്. ആയതിനാൽ ഒരേ നിരക്കിലല്ല ബോണസ് നൽകുന്നത്. |

സെക്ഷൻ ഓഫീസർ